പദ്ധതികളും പട്ടികജാതി-പട്ടികവർഗ്ഗ ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക വിധത്തിലുള്ള ഗ്രാമീണ പദ്ധതികളുമാണ് ഏറ്റെടുത്തു നടപ്പിലാക്കി വരുന്നത്.

(ബി) ത്വരിത ഗ്രാമീണ പദ്ധതിയിൻകീഴിൽ മൊത്തം 481 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.

(സി) അംഗീകാരം ലഭിച്ച 481 പദ്ധതികളുടെ മതിപ്പ് ചെലവ് 336.30 കോടി രൂപയാണ്.

(ഡി) സാധാരണയായി ത്വരിത ഗ്രാമീണ പരിപാടിയിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ രണ്ടോ മൂന്നോ വർഷങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കേണ്ടതാണ്. പക്ഷെ പദ്ധതി നിർമ്മാണത്തിനാവശ്യമായ സ്ഥലം ഗുണഭോക്തൃ പഞ്ചായത്തുകളിൽനിന്നും ലഭ്യമാക്കുവാനുള്ള കാലതാമസം കാരണം പദ്ധതികളുടെ പൂർത്തീകരണം വളരെയധികം നീണ്ടുപോകാറുണ്ട്. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന 100 പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഇവയിൽ 41 എണ്ണം 2 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന മൂന്നു പദ്ധതികളിൽ കണ്ണൂരിലെ പന്നിയൂർ ശുദ്ധജലവിതരണ പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. തൃശ്ശൂരിലെ പുതുക്കാട് ശുദ്ധജലവിതരണ പദ്ധതി, കൊരട്ടി ശുദ്ധജലവിതരണ പദ്ധതി എന്നിവയ്ക്ക് സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. സ്ഥലം കിട്ടിക്കഴിഞ്ഞശേഷമേ പണിയിൽ പുരോഗതി കൈവരിക്കുവാനാവുകയുള്ളൂ.

52 (448) മലിനജല നിർഗ്ഗമനത്തിനു പദ്ധതി

<u>ശ്രീമതി റോസമ്മ ചാക്കോ</u> :
<u>ശ്രീ. ബി. വിജയകുമാർ</u> :
<u>ശ്രീമതി രാധാ രാഘവൻ</u> :
<u>ശ്രീ. ഇ.എം. അഗസ്തി</u> :
<u>ശ്രീ. എ.കെ. മണി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളിലേയ്ക്കും, പട്ടണങ്ങളിലേയ്ക്കും മലിനജല നിർഗ്ഗമനത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ഈ വർഷം എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(സി) ഏതൊക്കെ നഗരങ്ങളിലും പട്ടണങ്ങളിലുമാണ് ഈവർഷം പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളായ തിരുവനന്തപുരം കൊച്ചി, കൊല്ലം, ഗുരുവായൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ നിലവിലുള്ള മലിനജല നിർഗ്ഗമന പദ്ധതികൾക്ക് പ്രാധാന്യം നൽകുവാൻ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നു. ഇതിനുപുറമേ ആലപ്പുഴ, കണ്ണൂർ, കാഞ്ഞങ്ങാട്, വടകര എന്നീ മുനിസിപ്പാലിറ്റികളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന മലിനജല നിർമ്മാർജ്ജന പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി പരിശോധിച്ചു വരുന്നു.

(ബി) 1999-2000 വർഷത്തിൽ 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) ഈവർഷം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ തിരുവനന്തപുരം, കൊച്ചി, ഗുരുവായൂർ എന്നിവിടങ്ങളിലെ സിവറേജ് സ്കീമിന്റെ വിപുലീകരണമാണ്.

53 (449) ഹൈഡ്രോളജി പ്രോജക്ട്

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡ്രോളജി പ്രോജക്ട് ഏത് വർഷം മുതൽ കേരളത്തിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളിലും ഈ വർഷവും എത്ര കോടി രൂപവീതം ഈ പദ്ധതിക്കായി കേരള സർക്കാർ നീക്കിവച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയിൽ എത്ര തുക പ്രതിവർഷം ചെലവാക്കി;

(ഡി) കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം പദ്ധതി തുടങ്ങിയതുമുതൽ പത്ത് വർഷം എത്ര തുക വീതം ചെലവാക്കണമെന്നായിരുന്നു നിർദ്ദേശം എന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതിയുടെ എത്ര ശതമാനം ഇതുവരെ ചെലവാക്കി;

(എഫ്) മറ്റ് സംസ്ഥാനങ്ങൾ എത്ര ശതമാനം ചെലവാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് ഹൈഡ്രോളജി പ്രോജക്ട് 1996 മുതൽ നടപ്പിലാക്കിവരുന്നു.

(ബി)-(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിലുള്ള ഉപരിജല ഘടകം 8.37% ഉം ഭൂജലഘടകം 15.6% ഉം ചെലവാക്കിയിട്ടുണ്ട്.

(എഫ്) മറ്റ് സംസ്ഥാനങ്ങളുടെ വിവരം ശേഖരിച്ചിട്ടില്ല.

54 (450) ശുദ്ധജലവിതരണ പദ്ധതികൾ അനുവദിക്കുന്നതിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly